പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4406 17.05.2017- ൽ മറുപടിയ്ക്ക്

**ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ സ്റ്റാറ്റിസ്റ്റിക്സ് അധ്യാപകരുടെ തസ്തിക**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **ശ്രീ. എം. ഉമ്മർ :** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഉണ്ടാകേണ്ട സ്റ്റാറ്റിസ്റ്റിക്സ് അധ്യാപകരുടെ തസ്തിക നികത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ), (ബി) & (സി) | തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ്, എന്നിവിടങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോസ്റ്റാറ്റിസ്റ്റിക്സിന്റെ ഓരോ തസ്തികയും ആലപ്പുഴ മെഡിക്കൽ കോളേജിൽ ലക്ചറർ ഇൻ സ്റ്റാറ്റിസ്റ്റിക്സിന്റെ ഒരു തസ്തികയും കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ലക്ചറർ ഇൻ ബയോസ്റ്റാറ്റിസ്റ്റിക്സിന്റെ ഒരു തസ്തികയും ഒഴിഞ്ഞുകിടക്കുന്നു. പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് നിലവിൽ എം.സി.ഐ. അംഗീകാരത്തെ ബാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത അധ്യാപകരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് മെഡിക്കൽ കോളേജുകൾക്കുള്ള അംഗീകാരത്തെ ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | എങ്കിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ സ്റ്റാറ്റിസ്റ്റിക്സ്/ബയോ സ്റ്റാറ്റിസ്റ്റിക്സ് അധ്യാപകരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത്; വിശദമാക്കാമോ; ഓരോ കോളേജിലും എത്ര വീതം ഒഴിവ് ഉണ്ടെന്ന് അറിയിക്കാമോ; | | |
| (ഡി) | ഏതെങ്കിലും അധ്യാപകരെ നിലനിർത്തുന്നതിനായി പ്രസ്തുത തസ്തിക പുനർ വിന്യാസം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് അത്തരം അധ്യാപകരെ പുനർവിന്യസിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ഡി) | സ്റ്റാറ്റിസ്റ്റിക്സ് വിഷയവുമായി ബന്ധപ്പെട്ട് തസ്തിക പുനർ വിന്യാസം നടത്തിയിട്ടില്ല |
| (ഇ) | ഉണ്ടെങ്കിൽ പ്രസ്തുത നടപടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ആയത് നടപ്പിലാക്കുന്നതിലൂടെ മെഡിക്കൽ കോളേജുകൾ നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ബാധകമല്ല |

സെക്ഷൻ ഓഫീസർ